**ബിജു പ്രഭാകർ** (റിട്ട. ഐ.എ.എസ്)



കലാകൗമുദി
2627

# മഹത്തായ പഠനമെങ്കിൽ കേരളം എങ്ങനെ പിന്നിലായി?

കേന്ദ്ര സർക്കാർ 2020ലെ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നതിന് മാതൃകയായി 2022 സെപ്റ്റംബർ 7ന് ആരംഭിച്ച ഒരു വിദ്യാഭ്യാസ പദ്ധതിയാണ് 'പി എം ശ്രീ' (Prime Minister's Schools for Rising India). രാജ്യത്തെ തെരഞ്ഞെടുത്ത 14500 പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന ഈ പദ്ധതി കേരളത്തിന് ആവശ്യമാണോ അല്ലയോ എന്ന ചർച്ചകൾ വളരെ സജീവമാണ്. വിദ്യാഭ്യാസത്തിന്റെ കാവി വൽക്കരണമാണ് കേന്ദ്രസർക്കാരിന്റെ ഉദ്ദേശ്യമെന്നും കേരളത്തിലെ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം വളരെ മഹത്തരമാണെന്നും സംസ്ഥാന ഗവൺമെന്റ്. പണത്തിനു വേണ്ടി നയം മാറ്റിയാൽ ഞങ്ങൾ എതിർക്കുമെന്ന് ഘടകകക്ഷി. കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം കിട്ടാൻവേണ്ടിയുള്ള ഒരു അടവ് നയത്തിന്റെ ഭാഗമായാണ് കരാർ ഒപ്പിട്ടതെന്ന് ഭരണ കക്ഷിയിലെ പ്രധാന നേതാക്കൾ. കഴിഞ്ഞ ഏതാനും വർഷങ്ങളായി കേന്ദ്ര പദ്ധതി നടപ്പാക്കിയ കേന്ദ്രീയ വിദ്യാലയങ്ങളിലും നവോദയവിദ്യാലയങ്ങളിലും കാവി വൽക്കരണം നടപ്പാക്കിയോ എന്ന് പിഎം ശ്രീയെ അനുകൂലിക്കുന്നവരുടെ ചോദ്യം. ഫെഡറലിസത്തിലേക്കുള്ള കടന്നു കയറ്റമാണെന്ന് ചിലർ. ചോദ്യങ്ങളും വിമർശനങ്ങളും പദ്ധതിക്ക് എതിരായിട്ടാണെങ്കിലും ഈ പുതിയ സമ്പ്രദായം കുട്ടികളുടെ ഭാവിക്കും സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ കൂടുതൽ ആധുനികമാക്കുന്നതിനും നല്ലതാണോ അല്ലയോ എന്ന തരത്തിലുള്ള ക്രിയാത്മക ചർച്ചകൾ നടക്കുന്നതായി കാണുന്നില്ല. ചർച്ചകൾ മുഴുവനും സാമ്പത്തികസഹായം, അധികാരം, രാഷ്ട്രീയം, കാവിവല്ക്കരണം എന്നൊക്കെയുള്ള കാര്യങ്ങളിൽ മാത്രം. മാറ്റങ്ങൾ യതൊന്നും വേണ്ടാത്ത മഹത്തരമായതാണോ കേരളത്തിലെ സ്കൂളുകളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പ്രക്രിയകളും?. കേരളത്തിൽ ഇത്രയും മഹത്തരമായിട്ടുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായം ഉണ്ടെങ്കിൽ എന്തുകൊണ്ട് നമ്മൾ ദേശീയ ശരാശരിയിൽ നിന്ന് പിന്നോക്കം പോയി? മത്സര പരീക്ഷകളിൽ മറ്റു സംസ്ഥാനക്കാർ നമ്മളെക്കാൾ എന്തുകൊണ്ട് മുന്നിലെത്തുന്നു? 2024 ലെ വാർഷിക വിദ്യാഭ്യാസ സ്ഥിതിവിവര റിപ്പോർട്ട് (Annual Status of Education Report -ASER) https://asercentre.org/wpcontent/uploads/2022/12/ASER_2024_Final-Report_13_2_24-1.pdf ഒന്ന് പരിശോധിക്കാം:



മാറ്റങ്ങൾ യതൊന്നും വേണ്ടാത്ത മഹത്തരമായതാണോ കേരളത്തിലെ സ്കൂളുകളും ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ പ്രക്രിയകളും?

> കേരളത്തിൽ മഹത്തരമായ വിദ്യാഭ്യാസസമ്പ്രദായം ഉണ്ടെങ്കിൽ എന്തുകൊണ്ട് നമ്മൾ ദേശീയ ശരാശരിയിൽ നിന്ന് പിന്നോക്കം പോയി? മത്സര പരീക്ഷകളിൽ മറ്റു സംസ്ഥാനക്കാർ എന്തുകൊണ്ട് മുന്നിലെത്തുന്നു? വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം കൊടുക്കുന്ന രക്ഷിതാക്കളുടെ ആഗ്രഹത്തിന് അനുസരിച്ചിട്ടുള്ള ഒരു പഠനനിലവാരം ആണോ കേരളത്തിൽ?



വിദ്യാഭ്യാസ സ്ഥിതിവിവര റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ കുട്ടികളുടെ പഠന നിലവാരം സാമ്പിൾ അടിസ്ഥാനത്തിൽ സർവ്വേ നടത്തിയതിനുശേഷം കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധീകരിച്ചതാണ് ഈ റിപ്പോർട്ട്. വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം കൊടുക്കുന്ന രക്ഷിതാക്കളുടെ ആഗ്രഹത്തിന് അനുസരിച്ചിട്ടുള്ള ഒരു പഠനനിലവാരം ആണോ കേരളത്തിൽ നടക്കുന്നത്? ഈ വർഷത്തെ റിപ്പോർട്ടിൽ മുൻ വർഷങ്ങളിലെ റിപ്പോർട്ടിൽ നിന്നും കാര്യമായി വ്യത്യാസം ഒന്നും വന്നിട്ടില്ല എന്നു കാണാം. കേരളത്തിലെ കോളേജുകളിൽ നിന്നുള്ള വിദഗ്ദ്ധരെ തന്നെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയിട്ടുള്ള സർവ്വേ ആണിത്. അതുകൊണ്ടുതന്നെ ഭാഷയറിയാത്ത ഉത്തരേന്ത്യയിൽ നിന്ന് വന്ന ആൾക്കാർ നടത്തിയ സർവേ എന്നു പറഞ്ഞ് അവഗണിക്കാന് കഴിയില്ല. പ്രധാന കണ്ടെത്തലുകൾ:

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് പല രംഗങ്ങളിലും പുരോഗതി ഉണ്ടെങ്കിലും ഗണിതശാസ്ത്ര വിഷയത്തിന്റെ അടിസ്ഥാന കാര്യങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളെപ്പോലെ കേരളത്തിലെ വിദ്യാർത്ഥികളും പിന്നാക്കമാണ്.

## അടിസ്ഥാന സൗകര്യങ്ങൾ

കേരളത്തിൽ 89.2% സ്കൂളിൽ മാത്രമേ ഇന്റർനെറ്റ് സൗകര്യം ഉള്ളൂ (ഐ ടി @ സ്കൂൾ പദ്ധതി ആരംഭിച്ച രണ്ടു പതിറ്റാണ്ട് കഴിഞ്ഞിട്ടും സർക്കാർ തന്നെ നേരിട്ട് ഇന്റർനെറ്റ് സൗകര്യം എത്തിക്കുന്ന കെ- ഫോൺ കമ്പനി ഉണ്ടാക്കിയതിന് ശേഷവും ഉള്ള അവസ്ഥയാണിത്)

കേരളത്തിലെ 98 ശതമാനം വീടുകളിലും സ്മാർട്ട് ഫോൺ ഉണ്ട് എന്നാണ് ഒരു കണ്ടെത്തൽ. (ഇത് ഗുണമാണോ ദോഷമാണോ ചെയ്യുന്നത് എന്ന് റിപ്പോർട്ടിൽ പറയുന്നില്ല.)

## രണ്ടാം ക്ലാസിലെ പുസ്തകം വായിക്കാനറിയാത്ത 8-ാം ക്ലാസുകാരൻ

രണ്ടാം ക്ലാസിലെ പാഠപുസ്തകം വായിക്കാൻ മൂന്നാം ക്ലാസിലെ 46% കുട്ടികൾക്ക് മാത്രമേ കഴിയുന്നുള്ളൂ (ഇത് 2018ൽ 52% ആയിരുന്നു). അതേ പുസ്തകം അഞ്ചാം ക്ലാസ് വിദ്യാർത്ഥികളിൽ കേവലം 58.2ശതമാനത്തിന് മാത്രമേ വായിക്കാൻ അറിയൂ. (ഇത് 2018-ൽ ഇത് 73 ശതമാനവും 2022-ൽ 61 ശതമാനവും ആയിരുന്നു) എട്ടാം ക്ലാസ് വിദ്യാർത്ഥികളിൽ 18% ശതമാനത്തിനു രണ്ടാം ക്ലാസ് പാഠപുസ്തകം തെറ്റില്ലാതെ വായിക്കാൻ കഴിയുന്നില്ല. (മാതൃ ഭാഷാപഠനത്തിന്റെ സ്ഥിതി ഇതാണെങ്കിൽ നമ്മുടെ നിലവാരം എത്ര 'മഹത്തരം'!) അക്ഷരങ്ങൾ വായിക്കാനറിയാത്ത കുട്ടികൾ ഒന്നാംക്ലാസിൽ 12% ആണെങ്കിൽ 6, 7 ക്ളാസിൽ പോലും ഒരു ശതമാനം വരെയുണ്ട്. വാക്കുകൾ കൂട്ടി വായിക്കാൻ അറിയാത്ത കുട്ടികൾ ആറാം ക്ലാസിൽ ഏഴ് ശതമാനവും ഏഴാംക്ലാസിൽ 5.3% എട്ടാം ക്ലാസിൽ 3.7 ശതമാനവും ആണ്. ഒന്നു മുതൽ 9 വരെയുള്ള അക്കങ്ങൾ തിരിച്ചറിയാൻ പാടില്ലാത്ത കുട്ടികൾ എട്ടാം ക്ലാസിൽ ഉണ്ട്. 11 തൊട്ട് 99 വരെയുള്ള അക്കങ്ങൾ തിരിച്ചറിയാൻ പാടില്ലാത്ത 32.7 ശതമാനം കുട്ടികളും എട്ടാം ക്ലാസിൽ ഉണ്ട്. (സംഖ്യകൾ കുറയ്ക്കാൻ അറിയാത്ത കുട്ടികൾ 28.4% ഹരിക്കാൻ അറിയാത്ത 38.2% കുട്ടികളും ഉണ്ട്)

കണക്കിലെ ഹരണം നടത്താൻ അറിയാവുന്ന അഞ്ചാം ക്ലാസ് വിദ്യാർത്ഥികൾ വെറും 12% ആണ്. (മുൻ വർഷങ്ങളിൽ ഇത് 33, 20 ശതമാനം വീതമായിരുന്നു.) ഇതിനേക്കാൾ ഞെട്ടിക്കുന്ന ഒരു കണക്കാണ് കേവലം 26.9% മൂന്നാം ക്ലാസ് വിദ്യാർത്ഥികൾക്ക് മാത്രമേ സംഖ്യകൾ കുറയ്ക്കാനുള്ള കഴിവുള്ളൂ. (ഇത് 2022ൽ 32.7 ആയിരുന്നു!) ഹരണം അറിയാവുന്ന എട്ടാം ക്ലാസ് കുട്ടികളുടെ എണ്ണം 2018ൽ 43% ഉണ്ടായിരുന്നത് ഇപ്പോൾ 31 ശതമാനം ആയി കുറഞ്ഞു!

പി എസ് സി യും TET പരീക്ഷയുമെഴുതി ജയിച്ച 'മികച്ച' അധ്യാപകർ പഠിപ്പിക്കുന്ന ഗവ. സ്കൂളുകളിൽ എട്ടാം ക്ലാസിലെ 31 ശതമാനം കുട്ടികൾക്ക് ഹരണം അറിയില്ല!



MAGZTER
Clipped from Kalakaumudi - January 05, 2026
Read it digitally on the Magzter app

93% സ്കൂളുകളിലും കായിക വിദ്യാഭ്യാസത്തിനായി പീരീഡ് അലോട്ട് ചെയ്തിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും നമുക്കറിയാം ടൈംടേബിളിൽ ഉള്ള പീരീഡുകളിൽ പോലും കായിക വിദ്യാഭ്യാസമോ പരിശീലനമോ നടക്കുന്നില്ല. 63% സ്കൂളിൽ മാത്രമേ നാമമാത്രമായെങ്കിലും സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമായിട്ടുള്ളൂ.

കേരളത്തിൽ 18% സ്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രത്യേകമായി ശുചിമുറി സൗകര്യം ഇല്ല. 36% സ്കൂളുകളിൽ കുടിവെള്ളത്തിനുള്ള സാഹചര്യം ഉണ്ടെങ്കിലും ശുദ്ധജലം ലഭ്യമല്ല. 57.3% സ്കൂളുകളിൽ മാത്രമേ കുടിക്കുന്നതിന് അനുയോജ്യമായ ശുദ്ധജല ലഭ്യതയുള്ളൂ. 14.4 ശതമാനം സ്കൂളുകളില് ടോയ്‌ലറ്റുകൾ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ഏതാണ്ട് 30 ശതമാനത്തോളം സ്കൂളുകളിൽ കുട്ടികൾക്ക് കമ്പ്യൂട്ടറുകൾ ലഭ്യമല്ല എന്നാണ് സർവ്വേ പറയുന്നത്.



**ഗണിതശാസ്ത്ര വിഷയത്തിന്റെ അടിസ്ഥാന കാര്യങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളെപ്പോലെ കേരളത്തിലെ വിദ്യാർത്ഥികളും പിന്നാക്കമാണ്.**

## ഈ ധൂർത്ത് ആർക്കുവേണ്ടി?

കേരളത്തിലെ പല സ്കൂളുകളും കുട്ടികൾ ഇല്ലാതെ വർഷങ്ങളായി ഒരു പക്ഷേ ദശാബ്ദങ്ങളായി ഊർധ്വശ്വാസം വലിച്ച് മരണക്കിടക്കയിൽ ആയതുകൊണ്ടാവാം ഒരുപക്ഷേ ആവശ്യമായിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ കുറെ സ്ക്കൂളുകളിലെങ്കിലും ഇല്ലാത്തത് എന്ന് സർവേയിൽ കണ്ടെത്തിയത്. വിദ്യാഭ്യാസ വകുപ്പിന്റെ ഏറ്റവും പുതിയ കണക്ക് അനുസരിച്ച് മൂവായിരത്തിൽ അധികം സ്കൂളുകളിൽ മിനിമം കുട്ടികൾ ഇല്ല. എന്തിനാണ് കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ സർക്കാർ ഖജനാവില് നിന്നും ഭീമമായ തുക ചെലവഴിച്ച് നിലനിർത്തുന്നത്? വിദ്യാഭ്യാസ വകുപ്പിൽ കുറേക്കാലം ജോലി ചെയ്ത പരിചയം വച്ച് മനസിലാക്കാൻ കഴിഞ്ഞത് ഇതാണ്. കുട്ടികൾ കുറവുള്ള സ്കൂളുകളിലെ അധ്യാപകർക്ക് നൽകുന്ന ശമ്പള ചെലവ് നോക്കുമ്പോൾ തിരുവനന്തപുരത്ത് നാല് സ്കൂളുകളിൽ ഓരോ കുട്ടിക്കും പ്രതിശീർഷം 2 ലക്ഷം തൊട്ട് 4 ലക്ഷം രൂപ വരെയാണ് ഓരോ വർഷവും സർക്കാർ ചെലവഴിക്കുന്നത്. ഇതു സംബന്ധിച്ച് കണക്ക് സഹിതം വർഷങ്ങൾക്ക് മുൻപു ലേഖനം എഴുതിയിരുന്നു. ഇതു തന്നെയാണ് കുട്ടികളില്ലാത്ത അധ്യാപകർ കൂടുതലുള്ള സ്കൂളുകളിൽ ഇപ്പോഴും നടക്കുന്നത്. ആർക്ക് വേണ്ടിയാണ് ഈ ധൂർത്ത്?

കുട്ടികൾ ഇല്ലാത്തതത്തു കാരണം സ്കൂൾ അടച്ചു പൂട്ടുന്നതു കൊണ്ട് ഗുണം മാത്രമേ വരികയുള്ളൂ. പ്രത്യേകിച്ച് കുട്ടികൾക്ക്. അടച്ചു പൂട്ടുന്ന സ്കൂൾ, മുൻപ് ഒരിക്കൽ നിർദ്ദേശിച്ച പോലെ, ബാഡ്മിന്റൺ, വോളിബോളും ഫുട്ബോൾ കോർട്ടുകളും, സൈക്ലിംഗ് ട്രാക്ക് തുടങ്ങി എന്തിനു സിമ്മിംഗ് പൂൾ പോലും ഉള്ള സ്പോർട്സ് കോംപ്ലക്സുകൾ ആയി മാറ്റാം. പ്രവൃത്തി ദിവസങ്ങളിലും അവധി ദിവസങ്ങളിലും സമീപപ്രദേശത്തെ കുട്ടികളെ സ്കൂൾബസിൽ അവിടേക്ക് കൊണ്ടുവരാം. ആവശ്യമെങ്കിൽ രക്ഷിതാക്കൾ തന്നെ കുട്ടികളെ ഇതേ പോലുള്ള പരിശീലനകേന്ദ്രങ്ങളിൽ കുട്ടികളെ എത്തിക്കും? വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലും പൊതു സമൂഹത്തിന് ഒത്തു ചേരുന്നതിനും കലാകായിക പരിശീലനങ്ങൾ നടത്തുന്നതിനും ഉള്ള പൊതു ഇടങ്ങളായി കൂടി ഇവയെ മാറ്റാവുന്നതാണ്.

തൊട്ടടുത്ത സ്പോർട്ട് ക്ലബുകളിലെ യുവാക്കൾക്ക് കോംപ്ലക്സിന്റെ നടത്തിപ്പ് നൽകാം. ഇവയുടെ പരിപാലനത്തിനായി വൈകുന്നേരവും അവധി ദിവസങ്ങളിലും ഫീസ് വാങ്ങി പൊതു ജനത്തിന് തുറന്നു കൊടുക്കാം. സ്ഥലത്തിന് വൻ വിലയുള്ള ഈ നാട്ടിൽ അങ്ങനെ വലിയ ചെലവില്ലാതെ സ്പോൺസോർഷിപ്പിലൂടെയും, പിപിപി മാതൃകയിലും ഒക്കെ സ്പോർട്സ് കോംപ്ലക്സ് ഉണ്ടാക്കാം.



കലാകൗമുദി
2627

**കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ ഭീമമായ തുക ചെലവഴിച്ച് നിലനിർത്തുന്നത് എന്തിനാണ്? കുട്ടികൾ കുറവുള്ള സ്കൂളുകളിലെ അധ്യാപകർക്ക് നൽകുന്ന ശമ്പള ചെലവ് നോക്കുമ്പോൾ തിരുവനന്തപുരത്ത് നാല് സ്കൂളുകളിൽ ഓരോ കുട്ടിക്കും പ്രതിശീർഷം 2 ലക്ഷം തൊട്ട് 4 ലക്ഷം രൂപ വരെയാണ് ഓരോ വർഷവും സർക്കാർ ചെലവഴിക്കുന്നത്. ആർക്ക് വേണ്ടിയാണ് ഈ ധൂർത്ത്?**

സ്കൂളുകൾ അടച്ചു കൂട്ടുമ്പോൾ അധ്യാപകരെ മറ്റു സ്കൂളിലേക്ക് മാറ്റിയാൽ അധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചു കൊണ്ടുവരുന്നതിനും അദ്ധ്യാപകർക്ക് ഉള്ള കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുന്നതിനും കഴിയും.

സ്കൂളുകളുടെ എണ്ണം കുറയുന്നതുമൂലം അധികമായി വരുന്ന പരിചയസമ്പന്നരായ ഹെഡ്മാസ്റ്റർ തുടങ്ങിയ ഉദ്യോഗസ്ഥരെ സ്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങളായ കലാ - കായിക പ്രവർത്തനങ്ങൾ, സ്കോളർഷിപ്പ്, ശാസ്ത്രം, സാഹിത്യം, കാർഷികം, തുടങ്ങി വിദ്യാഭാസ വകുപ്പിന് ഇപ്പോൾ ഫലപ്രദമായി മേൽനോട്ടം വഹിക്കാൻ സാധിക്കാത്ത പല പാഠ്യേതര കാര്യങ്ങളുടെ കോർഡിനേറ്റർമാരായി വിദ്യാഭ്യാസ ഓഫീസുകളിൽ നിയോഗിക്കാം. സ്കൂളുകളുടെ നിരന്തര പരിശോധന, കണ്ടിന്യൂസ് ഇവാല്യുവേഷൻ, അധ്യാപക പരിശീലനം, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ കൂടി നൽകിയാൽ അതത് രംഗത്ത് നമ്മുടെ കുട്ടികളെ മികവുള്ളവരാക്കി മാറ്റാൻ ഇവരുടെ സഹായത്താൽ സാധിക്കും.

ഒരാളുടെയും തൊഴിൽ നഷ്ടപ്പെടുത്താതെ അവരെ മറ്റ് മേഖലകളിലേക്ക് നിയോഗിച്ച് അവരുടെ ജോലിസ്ഥിരത ഉറപ്പാക്കിയാൽ ജീവനക്കാരുടെ ആശങ്കയേയും എതിർപ്പിനേയും മറികടക്കാന് കഴിയും.

എല്ലാവർക്കും താൽപര്യം ഉള്ള പുതിയ കെട്ടിട നിർമ്മാണം അല്ല ഇന്ന് നമുക്ക് വേണ്ടത്. പൂട്ടുന്ന സ്കൂളിന്റെ കെട്ടിടങ്ങൾ പൊളിച്ചു നിരപ്പാക്കി തുറന്ന പാർക്കുകൾ ഉണ്ടാക്കാനും സാധിക്കും. നമ്മുടെ വയോജനങ്ങളിൽ പലർക്കും വൈകുന്നേരം ശുദ്ധവായു കിട്ടാൻ ഇതു സഹായിക്കും. മിനിമം കുട്ടികളില്ലാത്ത 3000 സ്കൂളുകളിൽ ഓരോ പഞ്ചായത്തിലും ഓരോന്നു വീതം 1000 സ്കൂളുകൾ ഇങ്ങനെ സ്പോർട്സ് കോംപ്ലക്സ്, പാർക്ക് എന്നിവ ആക്കി മാറ്റിയാൽ കുട്ടികളുടെ മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും ആവശ്യമായ അടിസ്ഥാന സൗകരം ഒരുക്കാൻ പറ്റും എന്ന് മനസ്സിലാക്കി സർക്കാർ ക്രിയാത്മകമായി ഉണർന്നു പ്രവർത്തിക്കണം.

### കുട്ടികൾ പകുതിയായി ഇത്രയേറെ സ്കൂൾ എന്തിന്?

കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുക എന്ന് പറയുന്നത് ഏതാണ്ട് വലിയ മഹാപാതകമായിട്ടാണ് കേരളത്തിലെ പ്രബലരാഷ്ട്രീയ കക്ഷികൾ കണക്കാക്കുന്നത്. 1978-ൽ ഏതാണ്ട് 7 ലക്ഷവും 1991ൽ ആറ് ലക്ഷവും വിദ്യാർഥികൾ ഒന്നാം ക്ലാസിൽ പ്രവേശിച്ചിരുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. അന്നത്തെ കണക്കിൽ കൃത്രിമം ഉണ്ടെന്നതു ചിന്തിച്ചാൽ പോലും കഴിഞ്ഞ കഴിഞ്ഞ വർഷം ഇത് കേവലം മൂന്ന് ലക്ഷത്തിൽ താഴെ കുട്ടികൾ മാത്രമാണ് ഒന്നാം ക്ലാസ്സിൽ എത്തുന്നത്. 50% കുട്ടികൾ കുറഞ്ഞ സാഹചര്യത്തിൽ കേരളത്തിൽ ഇത്രയധികം സ്കൂളുകളുടെ ആവശ്യമില്ല എന്നത് എന്ന് പ്രഖ്യാപിക്കാൻ നാം എന്തിന് മടിക്കണം. കുട്ടികൾ കുറവുള്ള സ്കൂളുകൾ നിർത്തലാക്കി കൂടുതൽ കുട്ടികൾ ഉള്ള സ്കൂളുകളിലേക്ക് നാം ശ്രദ്ധകേന്ദ്രീകരിക്കണം. അടുത്തുള്ള നിലവാരം ഇല്ലാത്ത സ്കൂളിനേക്കാൾ നല്ലതല്ലേ അല്പം ദൂരെയുള്ള നിലവാരമുള്ള സ്കൂൾ. ഇന്ന് യാത്രാ സൗകര്യങ്ങള് വളരയേറെ വർദ്ധിച്ചിരിക്കുന്നതിനാൽ സ്കൂളികളിൽ കുട്ടികൾ എത്തിച്ചേരുക എന്നത് വലിയ ബുദ്ധിമുട്ടുള്ള കാര്യമല്ല. ഭരണാധികാരികൾ ഇതാണ് പ്രായോഗികം എന്ന് മനസ്സിലാക്കണം.

## പൊളിച്ചെഴുത്ത് ആവശ്യമില്ലേ?

ആധുനിക പഠന ബോധനരീതികളായ 'ജ്ഞാന നിർമിതി വാദവും' 'അന്വേഷണാത്മക പഠനവും' 'അനുഭവാധിഷ്ഠിത പഠനവും' 'പ്രശ്നാധിഷ്ഠിത പഠനവും' ഒക്കെ പ്രസംഗിച്ചിട്ടും അധ്യാപകരെ പരിശീലിപ്പിച്ചിട്ടും ക്ളാസ് മുറിയിൽ അക്ഷരജ്ഞാനവും എഴുത്തും കൂട്ടിവായനയും ചതുഷ്ക്രിയകളും ഇപ്പോഴും പ്രശ്നമായി അവശേഷിക്കുന്ന ഇപ്പോഴത്തെ വിദ്യാഭ്യാസ സമ്പ്രദായം നല്ലതാണോ? അതായത് കൂടുതൽ ക്ലാസ് മുറികളും പേരിനു വേണ്ടി ലാബുകളും കളിസ്ഥലങ്ങളും ഒരുക്കിയിട്ടുള്ള ഈ സമ്പ്രദായം മഹത്തരം ആണെങ്കിൽ എന്തു കൊണ്ട് നാം ദേശീയ ശരാശരിയിൽ പിന്നിൽ നിൽക്കുന്നു?

ആധുനിക ആശയവിനിമയ സിദ്ധാന്തങ്ങൾ പറയുന്നത് എന്താണ്? പ്രസിദ്ധ വിദ്യാഭ്യാസ സാങ്കേതിക വിദഗ്ധനായ എഡ്ഗർ ഡെയിലിന്റെ "അറിവിന്റെ ത്രികോണം എന്ന തിയറി (cone of learning) പറയുന്നത് വായനയുടെ 10 ശതമാനവും, കേൾക്കുന്നതിന്റെ 20 ശതമാനവും, കാണുന്നതിന്റെ 30 ശതമാനവും മാത്രമേ ഓർത്തിരിക്കുകയുള്ളൂ എന്നാണ്. എന്നാൽ കാണുകയും കേൾക്കുകയും ഒരുമിച്ച് ചെയ്താൽ ഈ ഓർമിക്കൽ 50 ശതമാനം വരെ ഉയർത്താനാകും. അങ്ങനെ പഠിച്ചത് തിരിച്ചു പറയുകയാണെങ്കിൽ ഓർമിക്കുന്നത് 70 ശതമാനം. പ്രവൃത്തി കൂടി ഉൾപ്പെടുത്തി പഠിക്കുകയാണെങ്കിൽ ഓർമ്മിച്ചിരിക്കുന്നത് 90 ശതമാനം വരെയും ഉയർത്താൻ കഴിയും എന്നാണ്. പ്രവർത്തനാധിഷ്ഠിത പഠനത്തിന്റെ ഈ പ്രാധാന്യം പുതിയ അറിവല്ല. എന്നിട്ടും ക്ലാസുകൾ സ്മാർട്ട് ആയിട്ടും എന്ത് കൊണ്ട് പഠനരീതി മാറുന്നില്ല. അഥവാ മാറ്റാൻ കഴിയുന്നില്ല? വിവരവിനിമയ സാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ സ്കൂൾ പഠന പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനായി ഐ ടി @ സ്കൂൾ പദ്ധതിയും



MAGZTER
MAGZTER
Clipped from Kalakaumudi - January 05, 2026
Read it digitally on the Magzter app

## സ്കൂൾ വിദ്യാഭ്യാസം: ഇന്ത്യയും ചൈനയും തമ്മിലുള്ള വ്യത്യാസം

വികസ്വര രാജ്യങ്ങൾ ആയിരുന്ന ഇന്ത്യയും ചൈനയും സ്കൂൾ വിദ്യാഭാസത്തെ സമീപിച്ച രീതി മനസ്സിലാക്കിയാൽ എന്ത് കൊണ്ട് ചൈന നമ്മേക്കാൾ ഇപ്പോൾ വളരെ മുന്നിൽ പോയി എന്ന് മനസ്സിലാക്കാൻ കഴിയും. 1950കളിൽ സ്വതന്ത്ര ഇന്ത്യയിലേക്കാൾ രാഷ്ട്രീയ സ്ഥിരതയുണ്ടായിരുന്നു ചൈനയിൽ. ഇന്ത്യയിലോ, ജാതി മത വർഗീയ വിദ്വേഷത്താൽ പരസ്പരം പോരടിച്ചിരുന്ന ജനത, സ്വാതന്ത്ര്യാനന്തരം ഇന്ത്യ ഗവൺമെന്റുമായി യുദ്ധം ചെയ്യാൻ ഒരുങ്ങുന്ന നാട്ടു രാജാക്കന്മാർ തുടങ്ങി ഒട്ടനവധി പ്രശ്നങ്ങളെയാണ് ആദ്യകാലത്ത് കേന്ദ്ര ഗവൺമെന്റ് നേരിട്ടത്. അരാജകത്വം കൊടുകുത്തി വാണിരുന്ന ഇന്ത്യയെ ആദ്യകാലത്ത് പട്ടിണിയിൽ നിന്ന് രക്ഷിച്ചു ഒരു ലോക ശക്തിയാക്കിയതിൽ പ്രധാനമന്ത്രി നെഹ്റുവിന്റെ നേതൃത്വം ഒരു നിർണായക പങ്കാണ് വഹിച്ചത് എന്നത് വിസ്മരിക്കുന്നില്ല. എന്നാൽ നെഹ്റു ഉപരി പഠനത്തിനായുള്ള ഉന്നത സ്ഥാപനങ്ങളായ ഐഐടി. ഐ ഐ എം, എയിംസ് തുടങ്ങി അനവധി അഭിമാനാർഹമായ സ്ഥാപനങ്ങൾ കെട്ടി പൊക്കിയപ്പോൾ പ്രാഥമിക സ്കൂൾ വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണ കൊടുത്തിരുന്നില്ല എന്നു പറയാതെ വയ്യ. അംഗൻവാടി പദ്ധതി തുടങ്ങുന്നത് സ്വാതന്ത്ര്യം കിട്ടി 28 വർഷത്തിനു ശേഷം 1975-ൽ ഇന്ദിര ഗാന്ധിയാണ്. മറ്റു പല ലക്ഷ്യങ്ങളും അന്നും ഇന്നും ഇട്ടിരുന്നെങ്കിലും കുട്ടികൾക്ക് ഭക്ഷണം ലഭിക്കുന്ന സ്ഥലം എന്ന നിലയിൽ നിന്നും കാതലായ മാറ്റങ്ങൾ ഒന്നും സംഭവിച്ചതായി ഈ വകുപ്പിൽ സെക്രട്ടറി ആയി മൂന്നര വർഷക്കാലം പ്രവർത്തിച്ചപ്പോൾ കണ്ടിട്ടില്ല. ഇന്നും മറ്റു ലക്ഷ്യങ്ങൾ secondary ആണ് ഈ സമ്പ്രദായത്തിൽ. എന്നാൽ അതേ സമയം ചൈനയിലോ. ജനിക്കുന്ന കുട്ടികളുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും അവർ കൂടുതൽ ഊന്നൽ കൊടുത്തു. അതിന്റെ ജനസംഖ്യാപരമായ നേട്ടങ്ങൾ (ഡെമോഗ്രാഫിക് ഡിവിഡെൻഡ്) ആണ് ചൈന ഇന്ന് കൊയ്യുന്നത്.

ഡോക്ടർമാരില്ലാത്ത സ്ഥലങ്ങളിൽ നഗ്നപാദ ഡോക്ടർമാരും (barefoot ഡോക്ടേഴ്സ്) മറ്റു സംവിധാനങ്ങളും ഗ്രാമ പ്രദേശങ്ങളിൽ ജനങ്ങളുടെ ആരോഗ്യം പ്രവർത്തനങ്ങളും ആരോഗ്യ വിദ്യാഭ്യാസവും നടത്തിവരുന്നു. 1950 മുതൽ തന്നെ ചൈന കുട്ടികളുടെ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും പ്രാമുഖ്യം കൊടുത്തു എന്ന് സാരം. 1980കളിലെ പരിഷ്കരണങ്ങളുടെ ഭാഗമായി വിദേശ പഠനവിദഗ്ധരായ ജോൺഡ്യൂയി, ഡോ. മറിയമോന്റസോറി, ബ്രോൺഫെൻബ്രെന്നെർ, ജെറോംബ്രൂണേർ, പിയാഷെവൈഗോട്സ്കി എന്നിവരുടെ ആശയങ്ങളും അവർ മുന്നോട്ടുവച്ച പഠനരീതികളും ചൈനയിൽ വളരെ വ്യാപകമായി. കമ്മ്യൂണിസ്റ്റ് ചൈനക്കുപോലും വൈദേശികമായ മോണ്ടിസോറി രീതി അവലംബിക്കാൻ യാതൊരു മടിയുമില്ല എന്ന് ഓർക്കണം. ഇന്ന് കേരളത്തിൽ മോണ്ടിസോറി പഠന രീതിയും പരിശീലനവും വളരെ വ്യാപകമാണെങ്കിലും സ്വകാര്യ സ്കൂളുകളിൽ അത്തരം പരിശീലനം ലഭിച്ച അധ്യാപികമാർ നന്നായി കൊച്ചു കുട്ടികളെ പരിശീലിപ്പിക്കുന്നത് നമ്മുടെ വിദ്യാഭ്യാസവകുപ്പ് കണ്ടിട്ടേയില്ല. അതിനു എന്താണ് മേന്മകൾ എന്ന്തിരിച്ചറിഞ്ഞിട്ടില്ല. ശരിയായ പ്രവർത്തനാധിഷ്ഠിത, ശിശുകേന്ദ്രിത പഠന രീതിയും അതിനുള്ള ഉപകരണങ്ങളും എന്തെന്ന് മനസ്സിലാക്കാൻ ശ്രമിച്ചിട്ടില്ല. കുട്ടികൾ കേന്ദ്രീകൃതമായ പ്രവർത്തനാധിഷ്ഠിത പഠനരീതി കൊണ്ട് വരാൻ ശ്രമിച്ച ഡി.പി.ഇ.പിയെ നാം കൊന്നു കുഴിച്ചു മൂടി.

ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവരുടെ ജനതയാണ് ഏറ്റവും വലിയ മൂലധനം. ചൈനയെ പോലെ യൂറോപ്യൻ രാജ്യങ്ങളും ഇതു മനസ്സിലാക്കി പ്രവർത്തിക്കുന്നു. ഇന്ത്യ ഗവൺമെന്റും അതേപോലെ എല്ലാറ്റിലും നമ്പർ വൺ എന്ന് മേനി നടിക്കുന്ന കേരള സർക്കാരും, ഇത് മനസ്സിലാക്കിയതായി കാണുന്നില്ല. മെട്രോയും വിമാനത്താവളവും പോർട്ടും ഹൈവേയുമൊക്കെ മാത്രമാണ് ഒരു നാടിന്റെ വികസനത്തിന്റെ അളവ് കോൽ എന്നാണ് ഇന്ത്യയിൽ എല്ലാവരും ധരിച്ചിരിക്കുന്നത്. ഉയരുന്ന ഇന്ത്യയെ ഉയർത്താന്നുള്ള ശ്രമങ്ങളിൽ നമ്മുടെ കുഞ്ഞുങ്ങളുടെ മാനസിക -ശാരീരിക ആരോഗ്യം എന്ത് പങ്കാണ് വഹിക്കേണ്ടത് എന്ന് മനസ്സിലാക്കാത്തതിന്റെ, അവരെ തഴയപ്പെട്ടതിന്റെ ഉത്തമ ഉദാഹരണങ്ങൾ ആണ് നമ്മുടെ അംഗൻവാടികളും പ്രൈമറി സ്കൂളുകളും.

വിക്ടേഴ്സ് ടെലിവിഷന് ചാനലും കേരളത്തിൽ വന്നിട്ട് രണ്ടര പതിറ്റാണ്ടായിട്ടും എന്ത് കൊണ്ട് പൊതു വിദ്യാലയങ്ങളിലെ ക്ലാസ്മുറികൾ ഇപ്പോഴും എല്ലാ കുട്ടികളും ഒന്നിച്ചു അധ്യാപകരുടെ വായിൽ നോക്കിയിരുന്നുള്ള 'വായ്നോട്ട പഠന' കേന്ദ്രങ്ങളായി നിലനില്ക്കുന്നു?

### 100% അത്ഭുതവിദ്യ

എസ്എസ്എൽസിക്ക് 100 ശതമാനത്തിനെയും വിജയിപ്പിക്കുന്ന അദ്ഭുത വിദ്യ നടക്കുന്നതു മൂല്യനിർണയ ക്യാമ്പുകളിൽ ആണ്. കുട്ടി 'കേരളം' എന്ന ഉത്തരം ഏഴുതേണ്ടിടത്തു 'കൊരള'മോ 'കാര'മോ 'കള'മോ വെറും 'ക' യോ എഴുതിയാലും കുട്ടിയുടെ മനസ്സിൽ ആശയമുണ്ടെന്നു മനസ്സിലാക്കി മാർക്ക് കൊടുക്കണമെന്നാണ് മൂല്യനിർണ്ണയ ക്യാമ്പുകളിൽ കൊടുക്കുന്ന നിർദ്ദേശം. 'നമ്മുടെ വിഷയത്തിന് ജയ ശതമാനം കുറഞ്ഞാൽ ചോദ്യം വരും. അതിനാൽ എല്ലാരും ജയിച്ചോട്ടെ. നമ്മളായിട്ട് പ്രശ്നം ഉണ്ടാക്കണ്ടാ' എന്ന സൽബുദ്ധി മാത്രം! ഇത് കുട്ടികളുടെ നന്മയ്ക്ക് വേണ്ടിയാണോ അതോ സ്കൂൾ- പ്ലസ് ടു



അധ്യാപകരുടെ തസ്തിക പോകാതിരിക്കാൻ വേണ്ടിയാണോ എന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആദ്യം ഇംഗ്ലീഷ് വിദ്യാഭ്യാസം വേണ്ട എന്നുപറഞ്ഞ് നാം എതിർത്തു. പിന്നെ കുട്ടികളെ കിട്ടണമെങ്കിൽ വിദ്യാഭ്യാസം ഇംഗ്ലീഷ് മീഡിയത്തിൽ ആയാൽ മാത്രമേ പറ്റുകയുള്ളൂ എന്ന് മനസ്സിലായി. അതിനാൽ ഗവ. സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം എൽകെജി ,യുകെജികൾ തുടങ്ങി. DPEP വന്നു. അതിനെ കൊലവിളിച്ച്. അത് പോയി. പിന്നീട് SSA എന്ന പേരിൽ വികലമായി നടപ്പാക്കി. 1980കളിൽ 40 ശതമാനം കുട്ടികളിൽ താഴെ മാത്രം എസ്.എസ്.എൽ.സി പാസ്സായിരുന്നെങ്കിൽ ഇന്ന് അത് 100 ശതമാനം ആണ്. എസ്.എസ്.എൽ.സിയിൽ തോറ്റവരെ" "സെ"യിലൂടെയും ഓപ്പൺ സ്കൂളിലൂടെയും ജയിപ്പിക്കുന്നു. വിദ്യാഭ്യാസവകുപ്പിൽ പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ ഗ്രേഡിംഗ് സിസ്റ്റം കൊണ്ടുവന്നാൽ നിരന്തര മൂല്യനിർണയത്തിന്റെ ഭാഗമായി ഇന്റേണൽ മാർക്ക് സ്കൂളും അധ്യാപകരും വാരിക്കോരി നൽകും എന്ന് ബന്ധപ്പെട്ട പലരും ഉന്നയിച്ച കാര്യം ഓർക്കുന്നു. അതു തന്നെയാണ് ഇപ്പോൾ സംഭവിക്കുന്നത്.

**പൂട്ടുന്ന സ്കൂളിന്റെ സ്ഥാനത്ത് തുറന്ന പാർക്കുകൾ ഉണ്ടാക്കാം. മിനിമം കുട്ടികളില്ലാത്ത 3000 സ്കൂളുകളിൽ ഓരോ പഞ്ചായത്തിലും ഓരോന്നു വീതം 1000 സ്കൂളുകൾ ഇങ്ങനെ സ്പോർട്സ് കോംപ്ലക്സ്, പാർക്ക് എന്നിവ ആക്കി മാറ്റിയാൽ കുട്ടികളുടെ മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും ആവശ്യമായ അടിസ്ഥാന സൗകരം ഒരുക്കാൻ പറ്റും.**

### ശേഷി നേടാതെ പഠനം പൂർത്തിയാക്കുന്നവർ

പത്താംക്ലാസ് പാസ്സാകുന്ന ഒരു കുട്ടി ജീവസന്ധാരണത്തിന് ആവശ്യമായ എന്ത് നൈപുണിയാണ് ആർജിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ? ഈ കാര്യത്തിൽ ഒരു പഠനവും ഇതുവരെ നടത്തിയതായി കണ്ടിട്ടില്ല. 100 ശതമാനത്തിനെയും വിജയിപ്പിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഗുണനിലവാരം ആർജിച്ചിട്ടുണ്ടോ എന്ന പരിശോധനയില്ലാതെ ഇങ്ങനെ ചെയ്യുന്നതു സാമൂഹ്യ വഞ്ചനയല്ലേ? സംസ്ഥാന മന്ത്രിസഭയിലെ ഒരു മന്ത്രി തന്നെ ഒരു വർഷം മുൻപു പറഞ്ഞത് എസ്.എസ്. എൽ.സി പാസ്സാകുന്ന കുട്ടികളിൽ നല്ലൊരു ശതമാനത്തിനും എഴുതാനും വായിക്കാനും അറിയില്ല എന്നാണ്. വാസ്തവമല്ലേ? ഇതുതന്നെയല്ലേ പൊതു സമൂഹവും വർഷങ്ങളായി പറയുന്നത്. എന്നിട്ടും ഇന്നത്തെ പഠന രീതിക്കൊരു മാറ്റം വരുത്താൻ നാം എന്ത് കൊണ്ട് തയാറാകുന്നില്ല?. ഒരു തലമുറയെ പ്രതീക്ഷിത അറിവിലും ശേഷിയിലും എങ്ങുമെത്താതെ വിടുകയല്ലേ? പഠിച്ചാലും ഇല്ലെങ്കിലും ആദ്യത്തെ ചാൻസ് ജയിച്ചില്ലെങ്കിൽ "സേവ് ആൻ ഇയർ" മുഖേനയോ അതിലും രക്ഷയില്ലെങ്കിൽ ഓപ്പൺ സ്കൂളിൽ ചേർന്നോ എങ്ങനെയും ജയിക്കാം. എല്ലാവരെയും എങ്ങനെയും ജയിപ്പിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. നിർദ്ദിഷ്ട കഴിവുകൾ ഓരോ കുട്ടിയും ആർജിക്കുക എന്നതല്ല.

ക്ലാസ് റൂമിൽ നിന്ന് എല്ലാ കുട്ടികളെ പുറത്തേക്കിറക്കി അവരുടെ മാനസിക -ശാരീരിക ആരോഗ്യം സംരക്ഷിക്കുന്ന കായിക-ആരോഗ്യ പരിപാടികൾ ഇവിടെയില്ല. എല്ലാ കുട്ടികളും 45 മിനിറ്റെങ്കിലും ഓടിച്ചാടി കളിക്കുന്നതു ആരോഗ്യത്തിന് മാത്രമല്ല ബൗദ്ധിക ശേഷിക്കും പ്രശ്നപരിഹാര ചിന്തക്കും സാമൂഹ്യ ബോധത്തിനും വൈകാരിക സന്തുലനത്തിനും ഉന്മേഷത്തിനും ആരോഗ്യകരമായ മത്സരത്തിനും എല്ലാം സഹായകരമാണെന്നു നിരവധി പഠനങ്ങൾ ഉണ്ട്.

അംഗൻവാടികളിലെ കൊച്ചു കുട്ടികളുടെ കണക്കെടുത്താൽ പൊണ്ണത്തടി (ഒബിസിറ്റി) ഈ ചെറുപ്രായത്തിൽ തന്നെ എത്ര രൂക്ഷമായ ആരോഗ്യ പ്രശ്നം ആണ് എന്ന് മനസ്സിലാകും. പക്ഷേ കേരളത്തിലുള്ള പതിനയ്യായിരത്തോളം സ്കൂളുകളിൽ ഏതാണ്ട് 2500 എണ്ണത്തിൽ മാത്രമേ കായികാധ്യാപകർ ഉള്ളൂ. 900 കലാ അധ്യാപകരും, 700 മ്യൂസിക്ക് അധ്യാപകരും, കേവലം 150 ക്രാഫ്റ്റ് അധ്യാപകരും മാത്രമേ ഈ സ്കൂളുകളിൽ ഉള്ളൂ. ഉള്ളിടങ്ങളിൽ തന്നെ ഇതിനൊന്നും പീരീഡ് കിട്ടുന്നില്ല. കിട്ടുമ്പോൾ സ്പോർട്ട്സിൽ ചേരുന്ന കുട്ടികളെ മാത്രം കളിയ്ക്കാൻ വിടുന്ന തന്ത്രവും ഉണ്ട്. മാസ്സ് ഡ്രില്ലുകൾ



MAGZTER
Clipped from Kalakaumudi - January 05, 2026
Read it digitally on the Magzter app

കലാകൗമുദി
2627

എന്നേ മാഞ്ഞു പോയി. കേരളത്തിൽ മ്യൂസിക് ടീച്ചർമാർ, ക്രാഫ്റ്റ് ടീച്ചർമാർ ഇവരൊക്കെ വംശനാശം വന്നുകഴിഞ്ഞു. സ്കൂളുകളിൽ കുട്ടികളുടെ മാനസിക വൈകാരിക പ്രശ്നങ്ങൾ അഡ്രസ്സ് ചെയ്യാൻ കഴിയുന്ന പരിശീലനം ലഭിച്ച കൗൺസിലർമാരുടെ ലഭ്യത എത്രത്തോളമുണ്ട്?. കുട്ടികളുടെ മാനസികാരോഗ്യം തകർക്കുന്ന ഡിജിറ്റൽ യുഗത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഇവരുടെ സേവനം അനിവാര്യമാണെന്ന് വിദ്യാഭ്യാസ വകുപ്പ് ഇതുവരെ ശ്രദ്ധിച്ചു കണ്ടില്ല. കേരളത്തിലെ പോക്സോ കേസുകൾ ഇത്രയധികം റിപ്പോർട്ട് ചെയ്യാൻ പ്രധാന കാരണം ഇവരാണ്. അല്ലെങ്കിൽ പല പെൺകുട്ടികളും ചിലപ്പോൾ ആൺ കുട്ടികളും, അടുത്ത ബന്ധുക്കളുടെ പീഡനം സഹിച്ചു വീടുകളിൽ മാനസിക വിഭ്രാന്തിയോടെ കഴിയുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്യേണ്ടി വന്നേനെ. ഏതായാലും യാതൊരു നൈപുണിയും പരിശീലിക്കാതെയും പരീക്ഷിക്കാതെയും കുട്ടിയുടെ ഓർമശക്തിയെ മാത്രം എഴുത്തിലൂടെ പരീക്ഷിക്കുന്ന പരീക്ഷാ രീതിയെ മാത്രം ആശ്രയിക്കുന്ന ഒരു രീതിയാണ് നാം ഇക്കാലമെല്ലാം അവലംബിച്ചു പോന്നതും ഇപ്പോഴും അവലംബിക്കുന്നതും. പരീക്ഷക്കുവേണ്ടി കാണാതെ പഠിക്കുക എന്ന സമ്പ്രദായത്തിന് ഒരു മാറ്റം വേണം എന്ന് കണ്ടിട്ടാണ് 2000-ൽ നായനാർ മന്ത്രിസഭ വിഖ്യാത ശാസ്ത്രജ്ഞൻ ആയ പ്രൊഫസർ യു.ആർ. റാവുവിന്റെ നേതൃത്വത്തിൽ അന്നത്തെ വിദ്യാഭ്യാസ സെക്രട്ടറി കെ. ജയകുമാർ, മൈക്രോസോഫ്റ്റ് ഇന്ത്യയുടെ തലവൻ കിരൺ കാർണിക്ക് എന്നിവർ അംഗങ്ങളായ ഒരു കമ്മറ്റിക്ക് രൂപം നല്കുകയും ഐ ടി @ സ്കൂൾ എന്ന പദ്ധതിയുടെ രൂപരേഖ തയാറാക്കുകയും അത് നടപ്പിലാക്കാന് ശ്രമിക്കുകയും ചെയ്തത്. അതിന്റെ ഭാഗമായി പ്രവർത്തിക്കുമ്പോൾ നിലവിലുള്ള പാഠ്യരീതിയെ ശക്തീകരിക്കാൻ വേണ്ടി സ്കൂളുകളിൽ നടപ്പിലാക്കാന് ശ്രമിച്ച മൂന്നു പ്രധാന ചുവട് വയ്പ്പുകൾ ഇവയായിരുന്നു:

ഐ ടി @ സ്കൂൾ പദ്ധതി: രണ്ടായിരത്തിൽ അന്നത്തെ വിദ്യാഭ്യാസ മന്ത്രി ആയിരുന്ന പി.ജെ. ജോസഫിന്റെ മുഖ്യകാർമികത്വത്തിൽ ഇൻറൽ – മൈക്രോസോഫ്റ്റ് കൺസോർഷ്യം ആയി കരാർ വയ്ക്കുകയും ഇന്റലിന്റെ "ടീച്ച്-ടു-ദ-ഫ്യൂച്ചർ" എന്ന പദ്ധതി നടപ്പാക്കാൻ ശ്രമം ആരംഭിച്ചു. മറ്റു സംസ്ഥാനങ്ങൾ ഐടി ഒരു വിഷയമായി പഠിപ്പിക്കുമ്പോൾ അതിന് പകരം എല്ലാ വിഷയങ്ങളും ഭാഷയും പഠിക്കാൻ ഐടി ഒരു ടൂൾ ആയി ഉപയോഗിക്കുന്ന പദ്ധതിയാണ് റാവു കമ്മിറ്റി വിഭാവനം ചെയ്തത്. പദ്ധതിയിൽ മൈക്രോസോഫ്റ്റിന്റെ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് പിന്നീട് വിവാദം ഉണ്ടായെങ്കിലും ഏതാണ്ടെല്ലാ ഹൈസ്കൂളിലും കമ്പ്യൂട്ടറും ഇന്റർനെറ്റും എത്തിക്കാൻ പദ്ധതിക്ക് കഴിഞ്ഞു.



**പത്താംക്ലാസ് പാസ്സാകുന്ന ഒരു കുട്ടി ജീവസന്ധാരണത്തിന് ആവശ്യമായ എന്ത് നൈപുണിയാണ് ആർജിച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ?**

സ്മാർട്ട് ക്ലാസ്റൂമുകൾ സ്ഥാപിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയാറായതോടെ, ഐടി ഉപയോഗിച്ച് പഠനം നടത്താനുള്ള അടിസ്ഥാന സൗകര്യങ്ങളായി. 2005-06ൽ ഇന്ത്യൻ പ്രസിഡണ്ട് ആയിരുന്ന ആദരണീയനായ എ. പി. ജെ അബ്ദുൽ കലാം ഉദ്ഘാടനം ചെയ്ത സ്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടി മാത്രമുള്ള വിക്റ്റേഴ്സ് ടിവി ചാനൽ കൂടിയായപ്പോൾ ഐസിടി ഒരു പഠനോപാതിയായി ഉപയോഗിച്ച് വിദ്യാഭ്യാസം നടത്തുന്ന ഒരു പദ്ധതിക്ക് കേരളമാണ് വിപുലമായ അടിസ്ഥാന സൗകര്യങ്ങള് ഒരുക്കിയതും പദ്ധതിക്ക് ഇന്ത്യയിൽ ആദ്യമായി തുടക്കമിട്ടതും. കുട്ടികൾക്ക് കമ്പ്യൂട്ടർ ലാബിൽ പോയി പാഠ്യഭാഗങ്ങൾ മൾട്ടിമീഡിയയുടെ സഹായത്തോടെ സ്വയം പഠിക്കാനും വൈകുന്നേരങ്ങളിൽ വിക്ടേഴ്സ് ടി വി ചാനലിൽ ഫോൺ ഇൻ പരിപാടിയിലൂടെ വിദഗ്ദ്ധരായ അധ്യാപകരോട് സംവദിക്കുന്നതിനും സംശയങ്ങൾ ചോദിക്കാനും സാഹചര്യം ഒരുക്കി. വിദഗ്ധർ മൾട്ടിമീഡിയുടെ സഹായത്തോടെ കുട്ടികളുടെ സംശയങ്ങൾക്ക് മറുപടി പറയുന്ന പ്രോഗ്രാമുകൾ ഒരുക്കിയത് തന്നെ ക്ലാസ് സമയം കഴിഞ്ഞ് കുട്ടികള് ട്യൂഷന് ക്ലാസ്സുകളെ ആശ്രയിക്കേണ്ട സാഹചര്യം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു.

## ഫ്ലിപ്പ്ഡ് ലേർണിംഗ്: ഒരു ജി.വി. രാജ പൈലറ്റ് പദ്ധതി

ഇന്നത്തെ കുട്ടികൾക്ക് ഏതു വിഷയത്തെക്കുറിച്ചും പഠിക്കാൻ ഇന്റർനെറ്റ്, യൂട്യൂബ് തുടങ്ങിയ വിജ്ഞാനത്തിന്റെ ഒരു മഹാ സാഗരം തന്നെ ലഭ്യമാണ്. ഉദാഹരണസഹിതം ആനിമേഷനും ഇന്ററാക്ടിവ് പഠനരീതിയും ഒക്കെ ചേർത്ത് സ്വയമേ പഠിക്കാൻ അധ്യാപകരുടെ ആവശ്യമില്ല. എല്ലാ വീഡിയോയും, ലെക്ചർകളും പാഠങ്ങളും കുട്ടികൾക്ക് സ്വയം പഠിക്കാവുന്നത്ര വിശദമായിട്ടാണ് തയാറാക്കപ്പെട്ടിരിക്കുന്നതെന്ന് ഇനിയെങ്കിലും നമ്മുടെ വിദ്യാഭ്യാസ വകുപ്പ് മനസ്സിലാക്കേണ്ടതുണ്ട്. കുട്ടികൾ പാഠഭാഗം സ്വയം വീട്ടിൽ വച്ച് പഠിക്കുക. അതേക്കുറിച്ചുള്ള സംശയങ്ങളും ചർച്ചകളും സംവാദവും അനുബന്ധ പ്രവർത്തനങ്ങളും ജീവിതത്തിൽ അവയുടെ പ്രയോഗവും ഒക്കെ ക്ലാസ് മുറിയിൽ നടത്തുക. ഈ സ്വയം പഠന രീതി പരിശീലിപ്പിക്കാനാണ് അദ്ധ്യാപകരെ ഉപയോഗപ്പെടുത്തേണ്ടത്. ആജീവനാന്ത പഠനത്തിനുള്ള പരിശീലന കളരിയാകണം ഓരോ ക്ലാസ് മുറിയും. ഇതാണ് ഫ്ലിപ്പ്ഡ് ലേർണിംഗ് രീതി. അഥവ സംവാദാത്മക പഠനരീതി. പ്രവർത്തനാധിഷ്ഠിത പഠന രീതി. അതായതു പണ്ട് (ഇന്നും) ക്ലാസ്സുമുറിയിൽ വച്ച് പഠിക്കുന്നത് വീട്ടിൽ വച്ച് സ്വയം ചെയ്യുകയും വീട്ടിൽ വച്ച് ചെയ്തിരുന്ന പഠനാനുബന്ധ പ്രവർത്തനങ്ങൾ സ്കൂളിൽ വച്ച് അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ കുട്ടികൾ നടത്തുകയും ചെയ്യുന്ന രീതിയാണിത്. ഇതൊക്കെ മനസ്സിലാക്കി കൊടുക്കാൻ ആണ് ഐസിടി ഉപയോഗിച്ച് ഒരു പൈലറ്റ് പ്രോജക്ട് ജി വി രാജ സ്കൂളിൽ 2012-13 ൽ ഡയറക്ടറേറ്റ് നടപ്പാക്കിയത്.

ഫ്ലിപ്പ്ഡ് ലേണിംഗ് എന്ന് പേരുള്ള ഈ പഠന പദ്ധതി പുതിയതായി സൃഷ്ടിച്ചതൊന്നുമല്ല. പല രാജ്യങ്ങളിലും സാർവ്വത്രികമായി ഉപയോഗിച്ചു വരുന്നതാണ്. കോളേജ് ക്ലാസ്സുകളിൽ പോലും അധ്യാപകരുടെ ലെക്ചറുകൾ നേരത്തെ (വീട്ടിൽ ഇരുന്ന്) കാണുകയും പിന്നീട് ക്ലാസ് മുറികളിൽ വെച്ച് സംശയങ്ങൾ ദൂരീകരിക്കുകയും ഡിബേറ്റിലൂടെയും ചർച്ചയിലൂടെയും വളരെ ആഴത്തിൽ പഠിക്കുകയും ചെയ്യുന്ന രീതിയാണ് ഇത്. അധ്യാപകന് ഒരു ഫസിലിറ്റേറ്ററിന്റെയോ ഗൈഡിന്റെയോ ചുമതലയേ ഉള്ളൂ. വിദ്യാർത്ഥിക്ക്, തന്റെ പഠന വേഗതയിൽ സ്വസ്ഥമായി, ആവർത്തിച്ചു കണ്ടും കേട്ടും പഠിക്കാം എന്നതാണ് ഇതിന്റെ ഏറ്റവും വലിയ നേട്ടം. അധ്യാപകരെ വിശ്വാസത്തിലെടുത്ത ഈ പൈലറ്റ് പദ്ധതി ജി.വി. രാജ സ്പോർട്സ് സ്കൂളിൽ നടപ്പാക്കിയത് ആ സ്കൂളിലെ അദ്ധ്യാപകർ തന്നെയാണ്. അവർ ആദ്യം പീരിയഡുകൾ പുനഃക്രമീകരിച്ചു. 10 വിഷയങ്ങളും അഞ്ച് സപ്രവൃത്തി ദിവസങ്ങളും ഉള്ള സാഹചര്യത്തിൽ, ഒരു ദിവസം രണ്ട് വിഷയം/ഭാഷ എന്നിവ മാത്രം പഠിപ്പിക്കാൻ തീരുമാനിച്ചു. ഓരോ പീരീഡും ഒന്നര മണിക്കൂർ വീതം. എട്ടാം ക്ലാസിൽ മാത്രമാണിത് നടപ്പാക്കിയത്. അതിനാൽ രാവിലെ രണ്ട് വിഷയങ്ങളുടെ പീരീഡ് കഴിഞ്ഞാൽ ഉച്ച മുഴുവനും കമ്പ്യൂട്ടർ ലാബിലാണ് കുട്ടികൾ ചെലവഴിക്കേണ്ടത്. ജി വി രാജ സ്പോർട്സ് സ്കൂൾ പഠനത്തിനേക്കാൾ സ്പോർട്സിനു പ്രാധാന്യം നൽകുന്ന സ്കൂളാണ്. രാവിലെ ആറുമണി മുതൽ കുട്ടികൾ കളിച്ചു ക്ലാസ് പഠനത്തിന് വരുമ്പോൾ മിക്കവരും ഉച്ചയ്ക്കുശേഷം തളർന്ന് ഉറങ്ങുന്ന കാഴ്ചയാണ് അവിടെ കണ്ടിട്ടുള്ളത്. ഓരോ പാഠഭാഗത്തിന്റെയും വിഷമമുള്ള ഭാഗങ്ങൾ കണ്ടുപിടിച്ച് അതിനെ അധിഷ്ഠിതമാക്കിയുള്ള ചോദ്യങ്ങൾ അധ്യാപകർ തയാറാക്കി കുട്ടികൾക്ക് മുൻകൂർ നൽകിയിരുന്നു. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ നിർദിഷ്ട പീരീഡിന് മുൻപേ കമ്പ്യൂട്ടർ ലാബിൽ പോയി കുട്ടികൾ ഇന്റർനെറ്റിൽ നിന്നും പരതി കണ്ടെത്തി, തമ്മിൽ ചർച്ച ചെയ്തു, നോട്ട് സമയമുണ്ടെങ്കിൽ പ്രസന്റേഷൻ തയാറാക്കി, പിറ്റേ ദിവസം ക്ലാസ് മുറിയിൽ മറ്റുള്ളവർ മുൻപാകെ അവതരിപ്പിക്കണം. ആരാണ് അവതരിപ്പിക്കേണ്ടത്, അവതരണത്തിന് ശേഷം ആരാണ് ചോദ്യങ്ങൾ ചോദിക്കേണ്ടത് എന്നൊക്കെ അധ്യാപകൻ തീരുമാനിക്കും. ഈ രണ്ടാം അവതരണത്തിൽ നിന്ന് അവർ പഠിച്ച ഭാഗങ്ങൾ ഒരിക്കൽ കൂടി വീണ്ടും കേൾക്കാനും കാണാനും മനസ്സിലാക്കാനും സാധിക്കും. അങ്ങനെ വിഷയം ആഴത്തിൽ മനസ്സിലാക്കാൻ സാധിക്കും. അതോടൊപ്പം കുട്ടികൾക്കു സഭാകമ്പം ഇല്ലാതെ ഒരു വിഷയം അവതരിപ്പിക്കാനും, ഡിബേറ്റ് ചെയ്യാനും സാധിക്കും. അധ്യാപകനോട് സംശയങ്ങൾ ചോദിക്കാൻ മടിയുള്ള കുട്ടികൾക്ക് നന്നായി പഠിച്ച് അവതരിപ്പിച്ച സഹപാഠിയോട് ചോദിച്ചു മനസിലാക്കാം – സഹപാഠിസഹായക പഠനം (peer learning). എന്ത് സങ്കേതം ഉപയോഗിച്ചാലും പാഠഭാഗങ്ങൾ നേരാംവണ്ണം മനസ്സിലാകാത്ത കുട്ടികൾ തീർച്ചയായും എല്ലാ ക്ലാസിലും ഉണ്ടായിരിക്കും. അവർ ആരായിരിക്കും എന്ന് അധ്യാപകന് ഈ പ്രക്രിയലൂടെ വ്യക്തമായി മനസിലാക്കാം. അങ്ങനെ ഉള്ള കുട്ടികൾക്ക്

> അദ്ധ്യാപകരുടെ വാക്ധോരണിയാണ് ആണ് നമ്മുടെ ഉത്തമ പഠനരീതി എന്ന ചിന്താഗതിക്കു കാര്യമായ ഒരു മാറ്റവും വന്നിട്ടില്ല. ഐ സി ടി അധിഷ്ഠിത ഫ്ലിപ്പ്ഡ് ലേർണിങ് എല്ലാ സ്കൂളിലും നടപ്പാക്കാൻ ആത്മാർത്ഥമായ ശ്രമം എല്ലാവരിൽ നിന്നും ഉണ്ടാകണം. പ്രത്യകിച്ചും ഐ ടി ടൂളുകൾ ധാരാളമുള്ള ഇക്കാലത്തു ഇത് അനായാസം നടത്താൻ കഴിയും.


2026 ജനുവരി 04 – 11


MAGZTER
MAGZTER
Clipped from Kalakaumudi - January 05, 2026
Read it digitally on the Magzter app



അധ്യാപകന് ഒരു ഫസിലിറ്റേറ്ററിന്റെയോ ഗൈഡിന്റെയോ ചുമതലയേ ഉള്ളൂ.

പ്രത്യേക ശ്രദ്ധ കൊടുത്ത് ഇടനില പ്രവർത്തനങ്ങളിലൂടെയോ അല്ലെങ്കിൽ പ്രത്യേകമായി ക്ലാസ്സിൽ പഠിപ്പിച്ചോ അവരുടെ പഠനം മെച്ചപ്പെടുത്താം. കമ്പ്യൂട്ടർ ലാബിലെ സമയത്ത് പ്രത്യേക ക്ലാസ് എടുക്കാം. ചുരുക്കത്തിൽ ഒരു ക്ലാസിലെ 40 കുട്ടികളെയും അധ്യാപകൻ ശ്രദ്ധിക്കേണ്ട കാര്യം ഇല്ല. സ്വയം പഠിക്കുന്നവരെയും മറ്റു കുട്ടികളോട് ചോദിച്ചും പഠിക്കാൻ ശ്രമിക്കാനുവരെയുമൊക്കെ നിർദ്ദേശം നൽകി വിട്ടാൽ മതി. പഠിച്ചോ അതോ 'പറ്റിച്ചോ' എന്ന് ശ്രദ്ധിച്ചാൽ മതി. ചുരുക്കത്തിൽ വിവിധ പഠന വേഗതയുള്ള കുട്ടികളെ മുഴുവനും അധ്യാപകൻ പഠിപ്പിക്കേണ്ട കാര്യമില്ല. പഠന വിഷമതകൾ ഉള്ളകുട്ടികളെ കൂടുതൽ ശ്രദ്ധിക്കാനും അവരെ കൂടുതൽ പഠിപ്പിക്കാനും അധ്യാപകന് ആയാസം കുറവാണെന്നു മാത്രമല്ല അവർക്ക് കൂടുതൽ ശ്രദ്ധ കൊടുക്കാനും കഴിയും എന്നതായിരുന്നു ആ പൈലറ്റ് പദ്ധതിയുടെ വിജയം.

മൂന്നര മാസക്കാലത്തോളം നടന്ന ഈ പൈലറ്റ് പദ്ധതി അധ്യാപകരും കുട്ടികളും രക്ഷിതാക്കളും ഒരു പോലെ സ്വീകരിക്കുകയും അതൊരു വൻ വിജയമാക്കുകയും ചെയ്തു. ഇതിന്റെ റിപ്പോർട്ട് ഡിപിഐ യിലും എസ് സി ഇ ആർ ടി യിലും ഉറങ്ങുന്നു. ഏതാണ്ട് 100 സ്കൂളുകലില്ലെങ്കിലും തൊട്ടടുത്ത അദ്ധ്യയന വർഷം തുടങ്ങണമെന്ന് പദ്ധതി ഇട്ടെങ്കിലും തുടർ നടപടി ഉണ്ടായില്ല. 12 കൊല്ലം കഴിഞ്ഞിട്ടും ഇപ്പോഴും അദ്ധ്യാപകരുടെ വാക്ധോരണിയാണ് ആണ് നമ്മുടെ ഉത്തമ പഠനരീതി എന്ന ചിന്താഗതിക്കു കാര്യമായ ഒരു മാറ്റവും വന്നിട്ടില്ല. ഐ സി ടി അധിഷിത ഫ്ലിപ്പ്ഡ് ലേർണിങ് എല്ലാ സ്കൂളിലും നടപ്പാക്കാൻ ആത്മാർത്ഥമായ ശ്രമം എല്ലാവരിൽ നിന്നും ഉണ്ടാകണം. പ്രത്യകിച്ചും ഐ ടി ടൂളുകൾ ധരാളമുള്ള ഇക്കാലത്തു ഇത് അനായാസം നടത്താൻ കഴിയും.

## എഡ്യുസർവ് പ്രോജക്ട്

പാഠഭാഗങ്ങൾക്കായി നമ്മുടെ കുട്ടികൾ നല്ല ഉദ്ശത്തോടെ ഇന്റർനെറ്റിൽ പരത്തുമ്പോൾ പോലും വഴി തെറ്റി പോകാനുള്ള സാധ്യതയുണ്ട്. ഏതാണ് ശെരി ഏതാണ് തെറ്റ് എന്ന് മുതിർന്നവർക്കുപോലും തിരിച്ചറിയാൻ പറ്റാത്ത വിധമാണ് ഇനർനെറ്റിലെ വിജ്ഞാന വിതരണം. ശരിയായതും ആധികാരികമായതുമായ വിവരങ്ങൾ ലഭ്യമാകുന്ന നൽകുന്ന സൈറ്റുകൾ വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തി അതിലേക്ക് വിദ്യാർഥികളെ തിരിച്ചു വിടുന്ന പ്രോജക്ട് ആയിരുന്നു EDUSERVE അഥവ എഡ്യൂക്കേഷൻ സെർവർ പ്രോജക്ട്. പിന്നീട് ഡിജിറ്റൽ യൂണിവേഴ്സിറ്റി ആയ IIITM-K യുടെ സഹായത്താൽ രൂപകൽപ്പന ചെയ്ത ഈ പദ്ധതി തുടങ്ങിയെങ്കിലും പിന്നീട് മുന്നോട്ടു പോയില്ല. ഇന്നത്തേപ്പോലെ എന്തിനും ഏതിനും മൊബൈൽ ആപ്പുകൾ ഇല്ലാത്ത കാലമായിരുന്നു അത്.

എന്തായിരുന്നു ഈ പദ്ധതി. ഏതൊരു കുട്ടിയും പഠനത്തിന് ആദ്യം ആശ്രയിക്കുന്നത് പാഠപുസ്തകത്തെയാണ്. വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റലിൽ എട്ട് മുതൽ പത്ത് വരെ ക്ലാസുകൾക്കായുള്ള ലിങ്കുകളിൽ ക്ലിക്ക് ചെയ്താൽ എത്തുന്നതു, ക്ലാസ് അടിസ്ഥാനത്തിലുള്ള ഓരോ വിഷയത്തിന്റെയും പാഠപുസ്തകത്തിലെ അധ്യായങ്ങളിലേക്ക് (ഹൈപ്പർലിങ്ക്ഡ് ആക്റ്റീവ് പിഡിഎഫ്) ആയിരിക്കും. ഓരോ അധ്യായത്തിലെയും keyword/hardspot- കൾ ഹൈപ്പർ ലിങ്ക് ചെയ്തിരിക്കും. ഉദാഹരണത്തിന് "സൗരയൂഥം" എന്നുള്ള ഒരു വാക്ക് പല അധ്യായങ്ങളിൽ പല തവണ ആവർത്തിച്ചു വരുന്നു എന്നിരിക്കട്ടെ. എവിടെയൊക്കെ സൗരയൂഥം എന്ന് പറഞ്ഞിരിക്കുന്നു അതെല്ലാം ഹൈപ്പർലിങ്ക് ആയിരിക്കും. അത് ക്ലിക്ക് ചെയ്ത് കഴിഞ്ഞാൽ സൗരയൂഥത്തിലെ വെബ്സൈറ്റിലേക്കായിരിക്കും കുട്ടിയെ നയിക്കുന്നത്.





ക്ലാസ് റൂമിൽ നിന്ന് കുട്ടികളെ പുറത്തേക്കിറക്കി അവരുടെ മാനസിക -ശാരീരിക ആരോഗ്യം സംരക്ഷിക്കുന്ന കായിക-ആരോഗ്യ പരിപാടികൾ ഇവിടെയില്ല. എല്ലാ കുട്ടികളും 45 മിനിറ്റെങ്കിലും ഓടിച്ചാടി കളിക്കുന്നതു ആരോഗ്യത്തിന് മാത്രമല്ല ബൗദ്ധിക ശേഷിക്കും പ്രശ്ന പരിഹാര ചിന്തക്കും ആരോഗ്യകരമായ മത്സരത്തിനും എല്ലാം സഹായകരമാണെന്നു നിരവധി പഠനങ്ങൾ ഉണ്ട്.

അവിടെ ഒൻപതു ഗ്രഹങ്ങളെക്കുറിച്ച് ഉള്ള ലിങ്കുകൾ കണ്ടെത്താം. ആ ലിങ്കുകൾ ക്ലിക്ക് ചെയ്യുമ്പോൾ ആ ഗ്രഹത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അടങ്ങിയ ലിങ്കുകൾ കാണാം. ഉദാഹരണത്തിന് ഭൂമി എന്ന ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ ഭൂമിയെ കുറിച്ചുള്ള വിവരം വരുമ്പോൾ അതിൽ ഭൂമിയുടെ ഉപരിതലം, ഭൂഖണ്ഡം, സമുദ്രം, മലകൾ, രാജ്യങ്ങൾ, ആൾക്കാർ, കാലാവസ്ഥ തുടങ്ങി പല വിവരങ്ങളും ഹൈപ്പർലിങ്ക് ആയിട്ട് നൽകിയിട്ടുണ്ടായിരിക്കും. സമുദ്രം എന്ന് ക്ലിക്ക് ചെയ്താൽ എല്ലാ സമുദ്രങ്ങളുടെയും വിശദ വിവരങ്ങളിലേക്ക് പോകാം. കുട്ടി മനസ്സിലാക്കിയത് പരിശോധിക്കാനുള്ള ക്വിസും ഓരോ അദ്ധ്യായത്തിന്റെ അവസാനം നൽകാം. ഇങ്ങനെ ഓരോ കുട്ടിയും ക്വിസിൽ നേടുന്ന മാർക്ക് തുടർ മൂല്യ നിർണ്ണയത്തിന് (continuous evaluation) വേണ്ടി ഉപയോഗിക്കാം. മാർക്കുകൾ ക്രോഡീകരിച്ചാൽ ഏത് ക്ലാസിലെ എത്ര വിദ്യാർത്ഥികൾ പിന്നാക്കം നിൽക്കുന്ന എന്ന് ഹെഡ് മാസ്റ്റർ തുടങ്ങി വിദ്യാഭ്യാസ ഡയറക്ടർക്ക് വരെ വിവരം ലഭിക്കും. എന്തായാലും കുട്ടിയുടെ വിജ്ഞാനകൗതുകം വർധിപ്പിക്കുകയും ഓരോ അദ്ധ്യായത്തെ പറ്റിയും ആഴത്തിൽ മനസ്സിലാക്കുകയും എന്നാൽ കുട്ടി തെറ്റായ വിവരങ്ങൾ ഉള്ള വെബ്സൈറ്റിലേക്കോ എന്തിന് സിലബസ് വിട്ടു പോകാതെയും വിവരശേഖരണം നടത്തുന്നതിന് സഹായിക്കുമായിരുന്ന എഡ്യുസർവ് പദ്ധതിയും പിന്നീട് മുന്നോട്ട് പോയില്ല.



കുട്ടി തെറ്റായ വിവരങ്ങൾ ഉള്ള വെബ്സൈറ്റിലേക്കോ എന്തിന് സിലബസ് വിട്ടു പോകാതെയും വിവരശേഖരണം നടത്തുന്നതിന് സഹായിക്കുമായിരുന്ന എഡ്യുസർവ് പദ്ധതിയും പിന്നീട് മുന്നോട്ട് പോയില്ല.

## ബഹുഭാഷാ പഠനം ഗുണകരമാണോ?

ചെറുപ്പത്തിൽ ഒന്നിലധികം ഭാഷകൾ പഠിക്കുന്നത് 'ആശയക്കുഴപ്പം ഉണ്ടാക്കും അല്ലെങ്കിൽ പഠന കാലതാമസം ഉണ്ടാക്കും എന്നൊക്കെയുള്ള മുൻകാല ധാരണകൾ ശരിയല്ല എന്നു ഇന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ചെറുപ്പത്തിലേ ഒന്നിലധികം ഭാഷകളിൽ സംസാരിക്കാൻ പഠിക്കുന്നകുട്ടികൾ, ഏകഭാഷ പരിചയിച്ച സമപ്രായക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ, ഇവരിൽ മെച്ചപ്പെട്ട ദൈനംദിന ജീവിത പ്രവർത്തനങ്ങൾ (കോഗ്നിറ്റീവ് ഫ്ലെക്സിബിലിറ്റി, ശ്രദ്ധ നിയന്ത്രണം, ശ്രദ്ധ മാറ്റൽ പോലുള്ളവ) വികസിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ University of Chicago Social Science നടത്തിയ പഠനത്തിലെ ഈ കണ്ടെത്തൽ 2015 മെയ് 12 ന് psychologicalscience.org-v പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഒന്നിലധികം ഭാഷകളോടുള്ള വെറും പരിചയം (പൂർണ്ണ ദ്വിഭാഷാ പ്രാവീണ്യം ആവശ്യമില്ല) പോലും കുട്ടികളുടെ സാമൂഹിക ആശയവിനിമയ കഴിവുകൾ മെച്ചപ്പെടുത്തുന്നതായിട്ടാണ് ന്യൂറോളജിക്കൽ/ബ്രെയിൻ ഇമേജിംഗ് പഠനം സൂചിപ്പിക്കുന്നത്, ദ്വിഭാഷാ/ബഹുഭാഷാ കുട്ടികൾക്ക് ഭാഷയിലും തലച്ചോറിലെ ഭാഷാ നാഡീകോശ ശൃംഖലകളിലും ഗുണപരമായവ്യത്യാസങ്ങൾ ഉണ്ടാകാമെന്നും, ഇത് ഒന്നിലധികം ഭാഷകൾ കൈകാര്യം ചെയ്യുന്നതിന്റെ വൈജ്ഞാനിക ആവശ്യകതകളെ പ്രതിഫലിപ്പിക്കുന്നുവെന്നും ഏകഭാഷാ ഭാഷാപഠിതാക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ നല്ലവ്യത്യാസങ്ങൾ ഉണ്ടാകാമെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു (Centre for Applied Linguistics, UCL Institute of Education, London, Early childhood bilingualism: effects on brain structure and function)

സ്ഥിരമായി കൊറിയൻ- ജപ്പാനീസ് കാർട്ടൂണുകൾ കാണുന്ന മലയാളികുട്ടികൾ ആ ഭാഷകൾ മനസിലാക്കുന്നതും പറയാൻ തുടങ്ങുന്നതുംഇന്ന് ചില രക്ഷിതാക്കൾ കാണാറുള്ളതാണല്ലോ?. വീട്ടുകാർക്ക് ആർക്കും ഹിന്ദി അറിയില്ലെങ്കിലും സ്ഥിരമായി ഹിന്ദി കാർട്ടൂൺകാണുന്ന അഞ്ചു വയസുകാരൻ അന്യഭാഷാ തൊഴിലാളികളോട് ഹിന്ദിയിൽ ആശയവിനിമയം നടത്തുന്നത് നേരിട്ട് കണ്ടിട്ടുണ്ട്.

**(തുടരും)**

**(ബിജു പ്രഭാകർ: 9447035355)**



MAGZTER
Clipped from Kalakaumudi - January 05, 2026
Read it digitally on the Magzter app